**File No.: GE-DA2/70/2024-G.EDN**

**"ഭരണഭാഷ-**

**മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ്-ശ്രീമതി എം എൽ മീന , പ്രിൻസിപ്പൽ (റിട്ട.), ഗവ. ഗേൾസ് ഹയർസെക്കന്ററി സ്കൂൾ, നെടുമങ്ങാട്-അച്ചടക്കനടപടി ഒഴിവാക്കി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.**4524/2025/GEDN** തീയതി,തിരുവനന്തപുരം, **08-07-2025**

---

പരാമർശം:-

1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **11/02/2024** ലെ **HSE/1675/2023-Ad D1** നം കത്ത്
2. **08/10/2024** ലെ **DA2/70/2024** നം കുറ്റപത്രവും കുറ്റാരോപണ പത്രികയും
3. ശ്രീമതി എം എൽ മീന സമർപ്പിച്ച **25/11/2024** ലെ പ്രതിവാദപത്രിക
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **18/12/2024** ലെ **HSE/1675/2023-Ad D1** നം കത്ത്

**ഉത്തരവ്**

തിരുവനന്തപുരം, നെടുമങ്ങാട് ഗവ. ഗേൾസ് എച്ച്.എസ്.എസ്-ലെ പ്രിൻസിപ്പൽ ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി എം.എൽ. മീന, എസ്.എസ്.കെ പണമിടപാടുകൾ നടത്തുന്നതിനായി സ്കൂൾ പ്രിൻസിപ്പൽ, പി.ടി.എ പ്രസിഡന്റ് എന്നിവരെ അക്കൗണ്ട് ഹോൾഡർമാരായി ആരംഭിച്ച അക്കൗണ്ടിൽ നിന്നും പി.ടി.എ പ്രസിഡന്റ്-നെ ഒഴിവാക്കിയിരുന്നുവെന്നും പ്രിൻസിപ്പലിന്റെ ടി നടപടി എസ്.എസ്.കെ സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടറുടെ **01/06/2019**-ലെ നിർദ്ദേശത്തിനു വിരുദ്ധമായതിനാൽ ശ്രീമതി.എം.എൽ.മീനയ്ക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന് പരാമർശം **(1)** പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ

ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും 31/03/2024ൽ സർവീസിൽ നിന്നും വിരമിച്ച ശ്രീമതി എം എൽ മീനയ്ക്കെതിരെ കെ എസ് ആർ ഭാഗം-III ചട്ടം 3 (b) പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ നല്കുകയും ചെയ്തിരുന്നു. തനിക്കെതിരെയുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നും താൻ കാരണം സർക്കാരിന് യാതൊരു നഷ്ടവും വന്നിട്ടില്ലായെന്നും ടിയാൾ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ വാദിച്ചിരുന്നു.

3. എസ് എസ് കെ-യുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് നെടുമങ്ങാട് ഗവ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ പ്രിൻസിപ്പൽ എന്ന നിലയിൽ ശ്രീമതി. മീന. എം. എൽ ക്രമക്കേടുകളോ ധനദുർവിനിയോഗമോ നടത്തിയിട്ടില്ല എന്നതിനാലും ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട പോരായ്മകൾ നിർദ്ദേശങ്ങൾ അനുസരിച്ച് ടിയാൾ യഥാസമയം തിരുത്തുകയും ചെയ്തിട്ടുള്ളതിനാലും റിട്ടയർ ചെയ്തതിനാലും ടിയാളുടെ പ്രതിവാദ പത്രികയിലെ വാദം അംഗീകരിച്ച് ടിയാളെ തുടർനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് എസ്.എസ്.കെ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) പ്രകാരം ശുപാർശ ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നെടുമങ്ങാട് ഗവ ഗേൾസ് ഹയർസെക്കന്ററി സ്കൂളിലെ പ്രിൻസിപ്പൽ എന്ന നിലയിൽ ശ്രീമതി മീന എം എൽ, എസ്.എസ്.കെ പണമിടപാടുകളിൽ ക്രമക്കേടുകളോ ധനദുർവിനിയോഗമോ നടത്തിയിട്ടില്ല എന്നും ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട പോരായ്മകൾ നിർദ്ദേശങ്ങൾ അനുസരിച്ച് യഥാസമയം തിരുത്തിയിട്ടുണ്ടെന്നുമുള്ള എസ്.എസ്.കെ ഡയറക്ടറുടെ അഭിപ്രായം പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കന്ററി വിഭാഗം ശരി വച്ചിട്ടുള്ള സാഹചര്യത്തിലും ശ്രീമതി. മീന 31/03/2024ൽ സർവീസിൽ നിന്നും വിരമിച്ചതിനാലും ടിയാളുടെ പ്രതിവാദപത്രികയിലെ വാദം അംഗീകരിച്ച്

ശ്രീമതി.എം.എൽ. മീന യ്ക്കെതിരെ കെ എസ് ആർ ഭാഗം III ചട്ടം 3 (b) പ്രകാരം സ്വീകരിച്ചു വരുന്ന അച്ചടക്കനടപടിയിൽ നിന്നും ടിയാളെ ഒഴിവാക്കി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിന്ദു ആർ ആർ**

**ഡെപ്യൂട്ടി സെക്രട്ടറി**

1. ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീമതി.എം.എൽ മീന (ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ , കേരള, തിരുവനന്തപുരം
4. അക്കണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം
5. വെബ്(കൈറ്റ്സ്/ന്യൂ മീഡിയ)
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 08-07-2025 15:44:31

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി..എ-യ്ക്ക്